പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7220 3.11. 2011 - ൽ മറുപടിക്ക്

ലോക പൈതൃക കലകൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. ഇ.പി. ജയരാജൻ : | | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ ഏതെല്ലാം തനതു കലകളാണ് ലോക പൈതൃക കലകളായി യുനെസ്കോ അംഗീകരിച്ചിട്ടുള്ളത്; | എ) | കൂടിയാട്ടവും മുടിയേറ്റുമാണ് ലോക പൈതൃക കലകളായി യുനെസ്കോ അംഗീകരിച്ചിട്ടുള്ളത്. |
| ബി) പ്രസ്തുത അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്; | ബി) | **Ministry of Human Resources Development, Department of Secondary and Higher Education, Government of India, Shastri Bhavan, New Delhi 110 001** എന്ന വിലാസത്തിൽ അപേക്ഷിച്ചാൽ കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്നതാണ്. |
| സി) തെയ്യം എന്ന കലാരൂപത്തെ പ്രോത്സാഹിപ്പിക്കുന്നതിനും തെയ്യ ത്തിന്റെ ഖ്യാതി വിദേശങ്ങളിൽ ഉൾപ്പെടെ എത്തിക്കുന്നതിനും സർക്കാർ തലത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | വൈവിധ്യവും സങ്കീർണ്ണവുമായ ഈ കലാരൂപത്തിന്റെ തനിമ ചോർന്നു പോകാതെ സംരക്ഷിക്കാനും നിലനിർത്താനും തെയ്യം കലാകാരൻമാർക്ക് ധനസഹായവും ചികിത്സാധനസഹായവും , അവാർഡുകൾ/ ഫെലോഷിപ്പുകൾ എന്നിവയും നൽകി പ്രോത്സാഹിപ്പിച്ചു വരുന്നു. വിദേശ രാജ്യങ്ങളിൽ അക്കാദമി മുഖേനയും അല്ലാതെയും തെയ്യം കലാരൂപം പ്രദർശിപ്പിക്കുന്നതിനും, തെയ്യം കലാഗ്രാമം രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ